# അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിയണം

**മായ. എസ്**
**വീട്ടമ്മ**

**1**. ഇല്ല

**2**. തീർച്ചയായും അത്തരത്തിലുള്ള ഒരു ചിന്താഗതി മാധ്യമങ്ങൾക്കുണ്ട്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ നിന്ന് മാധ്യമങ്ങളും രാഷ്ട്രീയ കക്ഷികളും ഒഴിഞ്ഞുമാറുന്നു.

**3**. ജനപ്രതിനിധികൾ സ്വാർത്ഥതയില്ലാതെ പ്രവർത്തിക്കുന്നവരാകണം. ഭൗതിക ആസക്തി കുറച്ച് സാധാരണക്കാരനെപ്പോലെ ജീവിക്കണം.

**4**. വിലയിരുത്തപ്പെടേണ്ടതാണ്. മോശം പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ തിരിച്ചുവിളിക്കാൻ ജനങ്ങൾക്ക് അധികാരം നൽകണം.

ഓരോ പ്രതിനിധിയുടെയും ഭരണത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രവർത്തനം വിലയിരുത്താം. സാധാരണക്കാരിൽ നിന്നും അകലം പാലിക്കാതെ, അവരോട് ഇടപെട്ട്, അവരുടെ ഏത് പ്രശ്നവും തന്റെ പ്രശ്നമായി കണ്ട്, വലിപ്പചെറുപ്പമില്ലാതെ, സമത്വഭാവനയോടെ, ജാതി മത ചിന്തകൾക്ക് അതീതമായി പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം.

**5**. സമൂഹം ഒറ്റക്കെട്ടായി നിന്ന് വികസനത്തിന്റെ ഇരകളായിത്തീരുന്ന ജനങ്ങളെ ഉയർത്തിക്കൊണ്ടുവരണം.

**6**. ഭൗതികസുഖങ്ങളോട് ആർത്തികുറഞ്ഞ, കാർഷിക പുരോഗതിയിലൂടെ മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന ഒരു കേരളം പ്രതീക്ഷിക്കാനുള്ള അർഹത പൊതുസമൂഹത്തിനുണ്ട്.

**7**. ജാതി-മത-സാമ്പത്തിക ചിന്തകൾ വെടിഞ്ഞ് മനുഷ്യർ പരസ്പരം സ്നേഹിക്കാൻ തുടങ്ങിയാൽ ഇത് സാധ്യമാകും.

**8**. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിയണം. എല്ലാവർക്കും ശുദ്ധജലം, ആഹാരം, ശുദ്ധവായു, പാർപ്പിടം എന്നിങ്ങനെ ഒഴിച്ചുകൂടാൻ കഴിയാത്തതെല്ലാം വിഷയമായി വരണം.

# സ്വാർത്ഥത വേണ്ട

**ജോയി. സി.പി**
**ഓട്ടോറിക്ഷാ ഡ്രൈവർ**

**1**. സ്വാധീനമുണ്ട്. തെരഞ്ഞെടുക്കപ്പെട്ടവർ അതു വേണ്ട വിധം വിനിയോഗിക്കുന്നില്ല. സ്വാർത്ഥതാത്പര്യങ്ങളാണ് അവരെ നയിക്കുന്നത്.

**2**. മാധ്യമങ്ങൾ അവരുടെ താത്പര്യങ്ങൾക്കനുസരിച്ചാണ് ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. ജനകീയ വിഷയങ്ങളേക്കാളുപരി ഇപ്പോൾ നടത്തുന്ന ചർച്ചകളാണ് അവർക്ക് താത്പര്യം.

**3**. ജനപ്രതിനിധികൾ ജനങ്ങളുടെ കൂടെ നിൽക്കണം. തെറ്റും ശരിയും വേർതിരിച്ചറിയണം. ശരിയായ കാര്യങ്ങളിൽ രാഷ്ട്രീയ കക്ഷികളോട് വിയോജിക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം.

**4**. വിലയിരുത്തപ്പെടേണ്ടതുണ്ട്. പ്രവർത്തനം മോശമാണെങ്കിൽ അവരെ തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് നൽകണം. അവരുടെ പ്രവർത്തനങ്ങൾ തന്നെയാണ് അതിനുള്ള മാനദണ്ഡം.

**5**. വികസനത്തിന്റെ ഇരകളാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കണം.

**6**. സ്വപ്നം കാണാനുള്ള അർഹത മാത്രമേ പൊതുജനങ്ങൾക്കുള്ളൂ. അതൊന്നും പ്രായോഗികമായി നടപ്പാകുന്നില്ല.

**7**. നല്ല ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടണം.

**8**. ജനങ്ങളുടെ ക്ഷേമം. അഭിവൃദ്ധി.